പേഴ്സണൽ സ്റ്റാഫ് നിയമനത്തിനുള്ള നിയമവ്യവസ്ഥകൾ

14 (17) ശ്രീ. സി. കെ സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ചട്ടം അനുസരിച്ച് മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിൽ ഏതെല്ലാം തസ്തികകളിലായി എത്ര പേരെ വീതം നിയോഗിക്കാമെന്ന് വിശദമാക്കാമോ;

(ബി) ബന്ധപ്പെട്ട ചട്ടങ്ങളുടെ ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(സി) സർക്കാർ ജീവനക്കാർക്കുള്ള എന്തെല്ലാം ആനുകൂല്യങ്ങളാണ് പേഴ്സണൽ സ്റ്റാഫ് അംഗങ്ങൾക്ക് നിലവിൽ നൽകാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിലവിലുള്ള ചട്ടം അനുസരിച്ച് മുഖ്യമന്ത്രി, മന്ത്രിമാർ, ഗവൺമെന്റ് ചീഫ് വിപ്പ് എന്നിവരുടെ പേഴ്സണൽ സ്റ്റാഫിലെ നിയമനവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

പ്രൈവറ്റ് സെക്രട്ടറി / സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി	-	1
അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി	-	3 പേർ വരെ
അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി	-	4 പേർ വരെ
പേഴ്സണൽ അസിസ്റ്റന്റ്	-	1
അഡീഷണൽ പേഴ്സണൽ അസിസ്റ്റന്റ്	-	1
ക്ലാർക്ക്	-	2
അസിസ്റ്റന്റ്/സെക്ഷൻ ഓഫീസർ	-	1
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	2
ടൈപ്പിസ്റ്റ്	-	2

ഷോഫർ/പ്യൂൺ/കുക്ക്/സ്പെഷ്യൽ റൂൾസിൽ പരാമർശിച്ചിട്ടുള്ള മറ്റു തസ്തികകൾ- 13 പേർ വരെ. ബന്ധപ്പെട്ട ചട്ടത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* ഒരു മന്ത്രിയുടെ സ്റ്റാഫിൽ മൊത്തം 30 പേരെ വരെ നിയമിക്കാം.

(സി) സർക്കാർ ജീവനക്കാർക്കുള്ള എൽ.റ്റി.സി. ഒഴിച്ച് മറ്റെല്ലാ ആനുകൂല്യങ്ങളും പേഴ്സണൽ സ്റ്റാഫംഗങ്ങൾക്ക് ലഭിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly